"ഭരണഭാഷ- മാതൃഭാഷ"

Break the chain

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യാഭ്യാസവകുപ്പ് - ടൈപ്പ് വൺ പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് പരീക്ഷാസമയത്ത് ഇൻസുലിൻ പമ്പ്, ഇൻസുലിൻ പെൻ, ഷുഗർ ടാബ് ലെറ്റ്, വെള്ളം, ചോക്ലേറ്റ് കാൻഡി, പഴങ്ങൾ, സ്നാക്സ് എന്നിവ കൈവശം സൂക്ഷിക്കുവാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1470/2022/HEDN തീയതി,തിരുവനന്തപുരം, 05-10-2022

---

പരാമർശം:- ടൈപ്പ് വൺ ഡയബറ്റിസ് ഫൗണ്ടേഷൻ (കേരള) സ്റ്റേറ്റ് പ്രസിഡന്റ് സമർപ്പിച്ച 18-05-2022 തീയതിയിലെ നിവേദനം.

**<u>ഉത്തരവ്</u>**

ടൈപ്പ് വൺ പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് പരീക്ഷാ സമയത്ത് ഇൻസുലിൻ പമ്പ്, ഇൻസുലിൻ പെൻ, ഷുഗർ ടാബ് ലറ്റ്, ചോക്ളേറ്റ്, പഴങ്ങൾ, സ്നാക്സ്, വെള്ളം തുടങ്ങിയവ കൈവശം സൂക്ഷിച്ചുകൊണ്ട് പരീക്ഷ എഴുതുവാനുള്ള അനുമതി നൽകണമെന്ന് പരാമർശം ഒന്ന് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ടൈപ്പ് വൺ പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് പരീക്ഷാ വേളയിൽ, ടൈപ്പ് വൺ പ്രമേഹബാധിതരാണെന്നുള്ള സർട്ടിഫിക്കറ്റിന്റെയോ മെഡിക്കൽ രേഖയുടെയുോ അടിസ്ഥാനത്തിൽ, ഇൻസുലിൻ പമ്പ്, ഇൻസുലിൻ പെൻ, ഷുഗർ ടാബ് ലെറ്റ്, വെള്ളം, ചോക്ലേറ്റ് കാൻഡി, പഴങ്ങൾ, സ്നാക്സ് എന്നിവ ഇൻവിജിലേറ്റർ പരിശോധിച്ച ശേഷം, കൈവശം സൂക്ഷിക്കുവാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

3. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ പ്രസ്തുത ആനുകൂല്യം ടൈപ്പ് വൺ പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി പി എസ്
അണ്ടർ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. പ്രവേശന പരീക്ഷാ കമ്മീഷണർ, 7ാം നില, കെ.എസ്, ആർ.റ്റി.സി ബസ് ടെർമിനൽ കോംപ്ലക്സ് തമ്പാനൂർ , തിരുവനന്തപുരം
4. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, എൻ എച്ച്. ബൈ പാസ്സ് ജംഗ്ഷൻ, ചാക്ക, പേട്ട.പി.ഒ, തിരുവനന്തപുരം.
5. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
6. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയിൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3

7. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/ കോഴിക്കോട്
8. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, നുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, സർവ്വകലാശാല മന്ദിരം, കുരിപ്പുഴ, കൊല്ലം
9. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം-686 585
10. നോഡൽ ഓഫീസർ,വെബ് സൈറ്റ്, ഉന്നതവിദ്യാഭ്യാസവകുപ്പ്
11. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sobha D**
**Date: 06-10-2022 11:03:49**

സെക്ഷൻ ഓഫീസർ